പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2828 14.12.2015 ലെ മറുപടിയ്ക്ക്

## മുഴപ്പിലങ്ങാട് ബീച്ചിലെ കെ.ടി.ഡി.സി ഹോട്ടൽ നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.കെ.നാരായണൻ | | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | മുഴപ്പിലങ്ങാട് ബീച്ചിൽ കെ.ടി.ഡി.സി നിർമ്മിക്കുന്ന ഹോട്ടലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | എ) | ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമായും പൂർത്തിയായിട്ടില്ല. |
| ബി) | കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ; | ബി) | കെ.ടി.ഡി.സി ഏറ്റെടുത്ത സ്ഥലത്ത് ചെന്നെത്തുന്നതിലേക്കായി പൊതുവഴി നിലവിലില്ല. കൂടാതെ തദ്ദേശ വാസികളുടെ സ്വകാര്യ വഴിയിൽക്കൂടി നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് തദ്ദേശ വാസികൾ തടസ്സം നിൽക്കുന്നു. |
| സി) | പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | | ഈ തടസ്സങ്ങൾ നീക്കിക്കിട്ടുന്നതിനായി ബീച്ച് വഴി കെ.ടി.ഡി.സിയുടെ വസ്തുവിൽ പ്രവേശിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ